## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 138      11.08.2017-ൽ മറുപടിയ്ക്ക്

### റോഡ് ടാറിംഗിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലെ റോഡുകളുടെ ടാറിംഗിന് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവർത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസം ഇല്ലാതെ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതു നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ 154 ഗ്രാമ പഞ്ചായത്തുകൾ റോഡ് പ്രവർത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇതിനായുള്ള പ്ലാസ്റ്റിക്ക് ശേഖരണ സംവിധാനം ഏപ്രകാരമാണെന്ന് വിശദമാക്കുമോ? | (സി) | ക്ലീൻ കേരള കമ്പനി, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവ മുഖേനയാണ് പ്ലാസ്റ്റിക് ലഭ്യമാക്കുന്നത് |

സെക്ഷൻ ഓഫീസർ